II. ശ്രദ്ധക്ഷണിക്കൽ

(1) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ജൂബിലി ആഘോഷിക്കാറായ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ബാലാരിഷ്ടതകൾ ഇനിയും തീർന്നിട്ടില്ല. ദീർഘനാളത്തെ കാത്തിരിപ്പിനു ശേഷം 1982-ൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ആരംഭിച്ച 9.30 A.M.] പ്പോൾ തൃശ്ശൂർ-പാലക്കാട് ജില്ലയിലെ ആളുകൾക്ക് അങ്ങേയറ്റം സന്തോഷമായിരുന്നു. നിലവിലുള്ള ജില്ലാ ആശുപത്രികൾക്ക് പുറമേ അതിലും കൂടുതൽ മെച്ചപ്പെട്ട ചികിൽസാ സൗകര്യത്തോടുകൂടിയ ഒരു ആതുര ശുശ്രൂഷാ കേന്ദ്രം കൂടി ലഭ്യമാകുമല്ലോ എന്ന ആഹ്ലാദമായിരുന്നു. എന്നാൽ 23 വർഷത്തിനു ശേഷവും പ്രതീക്ഷ ഫലവത്തായിട്ടില്ല. തൃശ്ശൂർ നഗരത്തിലും മുളങ്കുന്നത്തുകാവിലുമായിട്ടാണ് ഇപ്പോൾ മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. ഈ രണ്ട് സ്ഥലത്ത് പ്രവർത്തിക്കുന്നു എന്നതുകൊണ്ട് രോഗികൾക്കും ഡോക്ടർമാർക്കും പൊതുജനങ്ങൾക്കും വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾകൂടി ഇല്ലാതായിപ്പോയി എന്ന നഷ്ടബോധമാണ് ഇന്ന് അവിടത്തുകാർക്കുള്ളത്. ഡിസംബർ മാസത്തിൽത്തന്നെ തൃശ്ശൂർ മെഡിക്കൽ കോളേജ് പൂർണ്ണമായും മുളങ്കുന്നത്തുകാവിലേക്ക് മാറ്റുമെന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം അങ്ങേയറ്റം ആശ്വാസകരമാണ്. അതിനുവേണ്ടിയുള്ള ആത്മാർത്ഥ ശ്രമം ചെയ്യുന്ന വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ ഉദ്ദേശിച്ചവിധം ലക്ഷ്യം കൈവരിക്കണമെങ്കിൽ വളരെയേറെ കാര്യങ്ങൾ അടിയന്തിരമായി ചെയ്തുതീർക്കേണ്ടതുണ്ട്. സാമ്പത്തികമായ പരാധീനതകളും പരിമിതികളും തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിന് തടസ്സമാകാതിരിക്കാൻ ബഹുമാനപ്പെട്ട സർക്കാർ ശ്രദ്ധിക്കണം. മുഖ്യമന്ത്രിയും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും ഇവിടെയില്ലെങ്കിലും അവരുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുകയാണ്. കാരണം 23 കൊല്ലം കഴിഞ്ഞിട്ടും ഈ മെഡിക്കൽ കോളേജിനെ ഇന്ന് പറയത്തക്ക വിധം മാറ്റാനും മുളങ്കുന്നത്തുകാവിലേക്ക് പരിപൂർണ്ണമായി പറിച്ചുനടാനുള്ള സംരംഭത്തിൽ ഇനിയും സാമ്പത്തിക പ്രയാസങ്ങൾ പറഞ്ഞാൽ അത് അക്ഷന്തവ്യമായിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ആദ്യ ഘട്ട കെട്ടിട നിർമ്മാണം ഒരു വിധം പൂർത്തിയായിട്ടുണ്ട്. പക്ഷേ വൈദ്യുതീകരണം ഇനിയും നടന്നിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റേഡിയോളജി ഡിപ്പാർട്ട്മെന്റ്, നഴ്സിംഗ് കോളേജ്, ക്യാൻസർ ചികിൽസാ വിഭാഗം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലേക്ക് ആവശ്യമുള്ള വെള്ളം പീച്ചിയിൽ നിന്നാണ് കൊണ്ടുവരുന്നത്. അത് തുലോം അപര്യാപ്തമാണ്. മെഡിക്കൽ കോളേജ് പൂർണ്ണമായും മാറുന്നതോടുകൂടി ജലക്ഷാമം സ്വാഭാവികമായും രൂക്ഷമാകും. അതിനൊരു ശാശ്വത പരിഹാരം കാണാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പദ്ധതിക്ക് രൂപം നൽകണം. കോളേജിലേക്ക് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും നിശ്ചിത സമയത്തു തന്നെ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തണം. മാലിന്യ സംസ്കരണം വളരെ സങ്കീർണ്ണ മായ ഒരു കാര്യമാണ്. തൃശ്ശൂർ നഗരത്തിലെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാലിന്യക്കൂമ്പാരങ്ങൾ ഉയർത്തിയ പ്രശ്നങ്ങൾ ഇന്നും കെട്ടടങ്ങിയിട്ടില്ല. അതു കൊണ്ട് മുളങ്കുന്നത്തുകാവിൽ മാലിന്യ സംസ്കരണത്തിന് ശാശ്വതമായ രീതി യിലുള്ള ബൃഹത്തായ ഒരു സംവിധാനത്തിന് ഇപ്പോൾത്തന്നെ രൂപം നൽകണം. ഭൗതിക സൗകര്യങ്ങൾ കുറവാണെങ്കിലും അക്കാഡമിക് രംഗത്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. ഇക്കഴിഞ്ഞ പരീക്ഷ യിൽ 96 ശതമാനം വിജയം നേടുകയും ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കു കയും ചെയ്ത അവിടത്തെ വിദ്യാർത്ഥികളേയും അധ്യാപകരേയും അഭിനന്ദിക്കണം. അധ്യാപകരുടെ അപര്യാപ്തത തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കൂടപ്പിറപ്പാണ്. അവിടെ ബയോ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ ഒരൊറ്റ അധ്യാപികയേ ഉള്ളൂ എന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. പക്ഷേ അത് യാഥാർത്ഥ്യമാണ്. പല പോസ്റ്റു കളും കാലങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. ചില പോസ്റ്റുകൾ മറ്റു മെഡിക്കൽ കോളേജിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. അവിടെ പോസ്റ്റ് ചെയ്ത അധ്യാപകർ അവധിയെടുത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു. അത്യാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ പൂർണ്ണമായി നികത്തുകയും ചെയ്തി ല്ലെങ്കിൽ ഈ കോളേജിന്റെ അംഗീകാരം തന്നെ നഷ്ടപ്പെട്ടെന്നു വരാം. ഗുരുതര മായ സ്ഥിതിയാണ്. ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി തുടങ്ങിയവയിൽ ബിരുദാനന്തര കോഴ്സുകൾ അനുവദിക്കാൻ യൂണിവേഴ്സിറ്റി അനുവാദം നൽകി യിട്ട് വർഷങ്ങളായി. ഒരൊറ്റ ബിരുദാനന്തര കോഴ്സുപോലും ആരംഭിച്ചിട്ടില്ല. ഈ അടുത്തദിവസം പരിശോധനയ്ക്കുവന്ന കമ്മീഷൻ ബിരുദാനന്തര കോഴ്സുകൾ തുട ങ്ങുന്നതിന് അനുകൂലമായ നിലപാട് പ്രകടിപ്പിച്ചു എന്നാണറിയുന്നത്. ഈ അദ്ധ്യ യന വർഷംതന്നെ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ദുരവസ്ഥ അവസാനിപ്പിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിന് മുളങ്കുന്ന ത്തുകാവിലുള്ള സ്ഥലം വികസന സാധ്യതകൾ ഉള്ള അതിവിശാലമായ സ്ഥലമാണ്. ഇരുപതു വർഷം മുമ്പുണ്ടാക്കിയ മാസ്റ്റർപ്ലാനിൽ വേണ്ടത്ര ഭേദഗതി വരുത്തി അപ ര്യാപ്തതകൾ മാറ്റി വിദേശമലയാളികളടക്കമുള്ളവരുടെ സഹകരണത്തോടെ തൃശ്ശൂർ മെഡിക്കൽ കോളേജിനെ ഒരു മാതൃകാ മെഡിക്കൽ കോളേജാക്കാൻ വേണ്ട നടപടികൾ സത്വരമായി കൈക്കൊള്ളണമെന്ന് വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥി ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി കഴിഞ്ഞ വർഷം സർക്കാർ മറ്റു മെഡിക്കൽ കോളേജുകൾക്ക് നൽകേണ്ടതായ പണംപോലും നൽകിക്കൊണ്ടാണ് അതിന്റെ പണി പൂർത്തീകരിച്ചത്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പണി ഏതാണ്ട് പൂർത്തിയായി എന്ന് ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. സൗകര്യങ്ങൾ നഷ്ടപ്പെട്ടില്ല എന്നു മാത്രമല്ല, കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഗവൺമെന്റ് നടത്തിവരികയാണ്. സാമ്പത്തിക പരാധീനതയുണ്ടെങ്കിലും, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സാമ്പത്തിക പരാധീനത ഒരു പ്രശ്നമായി അതിന്റെ പ്രവർത്തനത്തിനോ പുരോഗതിക്കോ തടസ്സമായി നിൽക്കരുതെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിയുടേയും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജലക്ഷാമത്തെക്കുറിച്ചും മാലിന്യ സംസ്കരണത്തെക്കുറിച്ചും വളരെ വിശദമായ ചർച്ച നടത്തി തീരുമാനം എടുത്തിട്ടുണ്ട്. ആകെ 400 കിടക്കകളുള്ള ആശുപത്രിയാണ് അവിടെയുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ആശുപത്രിക്കുവേണ്ടിവരുന്ന ഫർണിച്ചറുകൾ, കിടക്കകൾ, ബെഡ്സൈഡ് ലോക്കറുകൾ മുതലായവ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഈ വർഷം അവസാനത്തോടുകൂടി മുളങ്കുന്നത്തുകാവിലേക്ക് ആശുപത്രി ഷിഫ്റ്റ് ചെയ്യാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടന്നുവരുന്നു. പ്രൊമോഷൻവഴി നികത്താനുള്ള ഉയർന്ന തസ്തികകൾക്കു വേണ്ടി ഡി. പി. സി. കൂടിക്കഴിഞ്ഞു. ഈ തസ്തികകൾ നികത്തുന്നതിന് നടപടികളും ആരംഭിച്ചു. മെഡിക്കൽ കൗൺസിലിന്റെ പരിശോധനയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന് ദോഷകരമായി ബാധിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ബയോകെമിസ്ട്രി വിഭാഗത്തിൽ ഒരു പ്രൊഫസറെക്കൂടി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ റേഡിയോഡയഗ്നോസിസിൽ പി. ജി. കോഴ്സുകൾ തുടങ്ങിക്കഴിഞ്ഞു. മെഡിസിൻ, സർജറി, ഗൈനക്കോളജി തുടങ്ങിയ വിഭാഗങ്ങളിൽ പി. ജി. കോഴ്സുകൾ തുടങ്ങാൻ നടപടികൾ പൂർത്തിയായിവരികയാണ്. ഇതിന് 6 സീറ്റ് വീതമുള്ള കോഴ്സ് ആണ് ആരംഭിക്കുന്നത്. കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂരിലെ എം. എൽ. എ.-മാരുടെ ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ ചില തീരുമാനങ്ങൾ എടുക്കുകയും പുതിയ കോംപ്ലക്സിൽ 400 ബെഡ്ഡുകളുള്ള വാർഡ്, സർജിക്കൽ ബ്ലോക്ക്, എ ആന്റ് ബി, സി ആന്റ് ഡി എന്നീ ഔട്ട്പേഷ്യന്റ് ബ്ലോക്കുകൾ, 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, 11 കെ. വി. ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ വെള്ളം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഈ കാര്യത്തിൽ ആർക്കും യാതൊരു ആശങ്കയ്ക്കും സ്ഥാനമില്ല. ഉദ്ദേശിച്ച സമയത്തിന് എല്ലാം പൂർത്തീകരിക്കാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, സമയബന്ധിതമായി ഈ പരിപാടികൾ മുഴുവൻ നടത്താൻ, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനായി, വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പീരിയോഡിക്കലായി മോണിറ്റർ ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. പി. ശങ്കരൻ: ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ, സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ. എം. ഒ. തുടങ്ങിയവരുമായി ഡി. എം. ഇ.-യും ആരോഗ്യ വകുപ്പുമന്ത്രിയും ഹെൽത്ത് സെക്രട്ടറിയും ചർച്ച നടത്തിവരുന്നുണ്ട്. പ്രത്യേകമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല. ആ കമ്മിറ്റിയുണ്ടായാലും കാര്യമായിട്ടൊന്നും ചെയ്യാൻ സാധിക്കുകയില്ല. അതു ചെയ്യേണ്ടത് ഗവൺമെന്റാണ്.

(2) ഇടുക്കി വികസന അതോറിറ്റി അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പിന്നോക്ക ജില്ലയായ ഇടുക്കി രൂപീകൃതമായത് 1972-ലാണ്. ജില്ലാ ആസ്ഥാന വികസനത്തിനുവേണ്ടി ഗവൺമെന്റ് ഓർഡർ(Ms.) No. 240/80/LA&FWD പ്രകാരം 1980-ൽ ഇടുക്കി വികസന അതോറിറ്റി രൂപീകരിച്ചു. വികസന പ്രവർത്തനങ്ങൾക്കായി 474 ഹെക്ടർ വനഭൂമി വികസന അതോറിറ്റിക്ക് കൈമാറുന്നതിന് ഉത്തരവു നൽകി. ഐ. ഡി. എ.-യ്ക്ക് ഭൂമി വിട്ടുകിട്ടിയതിനുശേഷം 1981-ൽ അന്നത്തെ ഐ. ഡി. എ. ചെയർമാനായിരുന്ന കളക്ടർ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വനസംരക്ഷണ നിയമം ഐ. ഡി. എ.-യ്ക്ക് ബാധകമാകുമോ എന്ന് വിശദീകരണം തേടി. ഇക്കാരണത്താൽ ഐ. ഡി. എ.-യ്ക്ക് ഭൂമിയിൽ അവകാശമില്ലെന്നുള്ള തെറ്റായ ധാരണ ഔദ്യോഗിക തലത്തിൽ പ്രചരിച്ചു. ആയതിനാൽ വർഷങ്ങളോളം വികസന പ്രവർത്തനങ്ങൾ നടന്നില്ല. എന്നാൽ 1998-ൽ എല്ലാ നൂലാമാലകൾക്കും വിരാമമായി. ഐ. ഡി. എ.-യ്ക്ക് 322.974 ഹെക്ടർ ഭൂമിയുണ്ട്. ഇടുക്കി ആസ്ഥാന വികസനം ചണ്ഡീഗാർ മോഡലിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെങ്കിലും വികസന പ്രവർത്തനംകൊണ്ട് യാതൊന്നും നടന്നിട്ടില്ല. ഒരു പക്ഷേ സ്വാഭാവിക വികസനംപോലും നടക്കാത്ത ഒരു ജില്ലാ ആസ്ഥാനമായിരിക്കും ഇടുക്കി. 22 ജീവനക്കാരുമായി പ്രവർത്തനം ആരംഭിച്ച വികസന അതോറിറ്റിയിൽ ഇപ്പോൾ ഒരു ഡെപ്യൂട്ടി ടൗൺ പ്ലാനർ മാത്രമാണ് ജീവനക്കാരനായിട്ടുള്ളത്. ബി. ഒ. ടി. വ്യവസ്ഥയിൽ അംഗീകൃത ജനക്ഷേമ പദ്ധതികൾക്ക് വിദേശ മലയാളികളും നോർക്കയും സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷ നൽകിയെങ്കിലും പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2001 ഫെബ്രുവരിയിൽ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly